തെങ്ങും വാഴയും

കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

50 പൈസ

ഗ്രാമശാസ്ത്രജാഥ

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന്" മഹാത്മജി പറഞ്ഞു. ആ വാചകത്തിന്റെ അർഥം ഉൾക്കൊള്ളാതെ ഇന്നും പലരും അതാവർത്തിക്കുന്നു.

ഗ്രാമങ്ങളിലെ ജനജീവിതം ഇന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്. അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും ഇന്നും ഗ്രാമങ്ങളിൽ കൊടികുത്തിവാഴുന്നു.

ഗ്രാമത്തിലെ സ്കൂളിന്റെയും ആശുപത്രിയുടെയുമൊക്കെ സ്ഥിതി പരിശോധിച്ചു നോക്കൂ ഗ്രാമത്തിലെ കൃഷിയുടെയും വികസന പ്രവർത്തനങ്ങളുടെയുമൊക്കെ സ്ഥിതി നോക്കൂ.

ഗ്രാമീണ വികസനത്തെ ഉദ്ദേശിച്ച് ഏറെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ അവയിൽ ഭൂരിഭാഗവും ഏശേണ്ടിടത്ത് ഏശുന്നില്ല.

കർഷകനും കർഷകത്തൊഴിലാളിയും ചെറുകച്ചവടക്കാരും കൈത്തൊഴിലുകാരും എല്ലാം ഈ പന്തികേടിൽപെട്ട് നട്ടം തിരിയുന്നുണ്ട്.

എന്താണീ പന്തികേടിനുകാരണം? എന്താണിതിന് പരിഹാരം? ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സ്വന്തം പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അവയ്ക്ക്

ശാസ്ത്രീയമായ പരിഹാരം കണ്ടെത്താനും കഴിഞ്ഞേ പ്രശ്നങ്ങൾക്ക് അറുതി വരൂ. ആവഴിക്കുള്ള ഒരെളിയ ശ്രമമാണ് ശാസ്ത്രസാഹിത്യപരിഷത്തിൻെറ ഗ്രാമശാസ്ത്ര ജാഥ.

ഗ്രാമീണപ്രശ്നങ്ങളുമായി ഇടപഴകുവാനും, അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകമായ മാർഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ, ഗ്രാമതലത്തിലുള്ള പ്രസക്തി വിശദീകരിക്കുവാനും, ഗ്രാമതലത്തിൽ നടന്നു വരുന്ന ചൂഷണങ്ങളുടെപൊരുൾ ജനങ്ങളോടൊത്തിരുന്ന് വിശകലനം ചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

നമ്മുടെ ഗ്രാമങ്ങളിൽ ശാസ്ത്രബോധത്തിൻെറതായ പുതിയൊരുവെളിച്ചം പടർത്തുന്നതിനുള്ള ഈ സംരംഭവുമായി സഹകരിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത്ഭവൻ
തിരുവനന്തപുരം 695001

ജനറൽ കൺവീനർ
ഗ്രാമശാസ്ത്രസമിതി
ശാസ്ത്രസാഹിത്യ പരിഷത്ത്
വാഴയൂർ
രാമനാട്ടുകര

നമുക്കൊരു
തെങ്ങുവയ്ക്കാം

കേരളത്തിലെ ഒരു പ്രധാന നാണ്യവിള യാണല്ലോ തെങ്ങ്. നമ്മുടെ കൃഷിസ്ഥല ത്തിന്റെ ഏകദേശം 25 ശതമാനവും തെങ്ങു കൃഷിക്കാണ് ഉപയോഗിക്കുന്നത്. മൊത്തം കാർഷിക വരുമാനത്തിന്റെ ഏതാണ്ട് 30 ശ തമാനവും ഈ കൃഷിയിൽ നിന്നാണ് ലഭി ക്കുന്നത്. നല്ല കായ്ഫലം നൽകുന്ന ഒരു തെങ്ങ് എങ്ങനെ വളർത്തിയെടുക്കാം എന്നു നോക്കാം.

സാധാരണ ഇനങ്ങൾ:- വെസ്റ്റ് കോസ്റ്റ് ടാൾ, ലക്കഡീവ് ഓർഡിനറി, കപ്പാടം, കോമാടൻ.

സങ്കരഇനങ്ങൾ: ടാൾ × ഡ്വാർഫ് (T×D), ഡ്വാർഫ് × ടാൾ (D×T)

തൈകൾ തെരഞ്ഞെടുക്കേണ്ടതെങ്ങനെ?

ഇരുപതുവർഷത്തിനുമുകളിൽ പ്രായം

ഉള്ളതും, പതിവായി നല്ല കായ്ഫലം തരുന്നതും ആയ തെങ്ങുകളെ മാതൃവൃക്ഷങ്ങളായി തെരഞ്ഞെടുക്കണം. ഇവയിൽനിന്ന് 11 മാസം പ്രായമായ തേങ്ങകൾ ഫെബ്രുവരി, മെയ് മാസങ്ങളിൽ ശേഖരിക്കണം. ഈ വിത്തുതേങ്ങകളെ 30×30 സെ മീ അകലത്തിൽ മെയ്, ജൂൺ മാസങ്ങളിൽ പാകണം. നല്ല നീർവാർച്ചയുള്ളതും ആവശ്യത്തിന് തണൽ ലഭിക്കുന്നതും ആയ മണ്ണിൽ വേണം വിത്ത് പാകാൻ. തുടർന്നുള്ള മാസങ്ങളിൽ തടത്തിൻെറ ഈർപ്പം നില നിറുത്താൻ വളരെ ശ്രദ്ധിക്കേണ്ടതാണ്. നേരത്തേ മുളയ്ക്കുന്നതും പുഷ്ടിയായി വളരുന്നതും നേരത്തെ ഓല വിരിയുന്നതുമായ മേൽത്തരം തൈകൾ വേണം നടുവാനായി ഉപയോഗിക്കേണ്ടത്. 9 മുതൽ 12 മാസം വരെ പ്രായമുള്ളപ്പോൾ വേണം തൈകൾ തെരഞ്ഞെടുക്കാൻ. തൈകൾക്ക് കുറഞ്ഞത് 6—8 ഓലകൾ എങ്കിലും ഉണ്ടായിരിക്കണം. തൈകളുടെ ചുവടിന് കുറഞ്ഞത് 12—20 സെ മീ കനം ഉണ്ടായിരിക്കണം.

എപ്പോൾ, എങ്ങനെ നടണം?

ഒരു ഘനമീററർ വലുപ്പമുള്ള കുഴികളിലാണ് തൈകൾ നടേണ്ടത്. 7—8 മീററർ അകലത്തിൽ തൈകൾ നടാം. നടുന്നതിന് ഏററവും അനുയോജ്യമായ സമയം കാലവർഷം ആരംഭിക്കുന്ന മെയ്, ജൂൺ മാസങ്ങളിലാണ്.

വളംചേർക്കൽ

മണ്ണ്് പരിശോധിച്ചതിനുശേഷം വളം ചേർക്കുന്നതാണ്് നല്ലത്്. ഒരു വർഷത്തിൽ, കായ്ക്കുന്ന തെങ്ങൊന്നിന്് താഴെപ്പറയുന്ന പ്രകാരം വളം ചേർക്കാവുന്നതാണ്്.

തെങ്ങൊന്നിന്് 15–25 കി. ഗ്രാം എന്ന തോതിൽ ജൈവവളം ചേർക്കുന്നത്് നല്ലതാണ്്. സാധാരണ ഉപയോഗിക്കുന്ന പച്ചില വളങ്ങളിൽ പ്രധാനമായവ കൊലിഞ്ഞി, കാട്ടുചണം, കലച്ചഗോണിയം, ശീമക്കൊന്ന എന്നിവയാണ്്. താഴെപ്പറയും പ്രകാരം ആണ്് രാസവളങ്ങൾ ചേർക്കേണ്ടത്്.

തെങ്ങൊന്നിന്് പൊതുവേയുള്ള ശുപാർശ:

	17-17-17 കോംപ്ലക്സ്	യൂറിയ	പൊട്ടാഷ്
സാധാരണ തോട്ടങ്ങളിൽ	1 കി.	370 ഗ്രാം	830 ഗ്രാം
പ്രത്യേകം ശ്രദ്ധിക്കുന്ന തോട്ടങ്ങളിൽ	2 കി.	350 ഗ്രാം	1.42 കി.
സങ്കരഇനങ്ങളിലും അത്യുൽപാദനശേഷിയുള്ള ഇനങ്ങളിലും	3 കി.	1 കി. 90 ഗ്രാം	2.5 കി.

തെങ്ങിനു ചുററും $1\frac{1}{2}$–2 മീററർ അകലത്തിൽ 25 സെ മീ താഴ്ചയിൽ ചരിവായി

തടം തുരന്നു വേണം വളം ചേർക്കാൻ. തൈകൾ നട്ട് ആദ്യവർഷത്തിൽ മേൽപറഞ്ഞ അളവിൻെറ മൂന്നിൽ ഒന്നും, രണ്ടാം വർഷത്തിൽ മൂന്നിൽ രണ്ടും അതുകഴിഞ്ഞ് മുഴവൻ അളവും വളം ചേർക്കാവുന്നതാണ്. മൊത്തം രാസവളത്തിൻെറ മൂന്നിൽ ഒരുഭാഗം ഏപ്രിൽ, മെയ് മാസങ്ങളിലും ശേഷിച്ചവ സെപ്തംബർ—ഒക്ടോബർ മാസങ്ങളിലും ചേർക്കണം.

ഈർപ്പം നിലനിർത്താൻ

തക്കസമയങ്ങളിൽ ഓരോ കാലവർഷത്തിനുമുമ്പ് ഉഴുതോ കിളച്ചോ ഇടയിളക്കുന്നത് ഉൽപാദനത്തോത് വർധിപ്പിക്കാൻ സഹായിക്കും. മണ്ണിൻെറ നനവ് നിലനിറുത്താനും മററും തൊണ്ട് തെങ്ങിൻതോട്ടങ്ങളിലിട്ട് മൂടുന്നത് കൊള്ളാം. 3 മീററർ അകലെ തെങ്ങിൻനിരകൾക്കിടയിൽ എടുത്ത ചാലുകളിലോ, തെങ്ങിനുചുററും 2 മീററർ അകലത്തിൽ എടുത്ത തടങ്ങളിലോ അരമീററർ വീതിയിലും താഴ്ചയിലും എടുത്തചാലുകളിൽ ഉൾഭാഗം മുകളിലേക്ക് വരത്തക്കവിധം തൊണ്ടു നിരത്തിയാണ് മൂടേണ്ടത്. ആറോ, എഴോ വർഷങ്ങളിലൊരിക്കൽ ഇങ്ങനെ ചെയ്താൽ മതിയാകുന്നതാണ്.

വിളസംരക്ഷണം

കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയുവാൻ 5% ബി. എച്ച്. സി. അല്ലെങ്കിൽ

ക്ലോർഡേൻ സമം മണലുമായി കലർത്തി ഓലയിടുക്കുകളിൽ വിതറുക.

ചുവന്ന ചെള്ളിൻെറ ആക്രമണം ഉണ്ടെങ്കിൻ തെങ്ങൊന്നിന് 20 ഗ്രാം സെവിൻ, ഒരു ലിററർ വെള്ളത്തിൽ കലക്കി മുകളിലുള്ള ദ്വാരത്തിലൂടെ ഒഴിക്കുക.

തെങ്ങോലപ്പുഴുവിൻെറ ശല്യം ഉണ്ടെങ്കിൽ ഒരു കി. ഗ്രാം ബി. എച്ച്. സി. 5% അല്ലെങ്കിൽ 500 ഗ്രാം മാലത്തിയോൺ 25% ഇവയിൽ ഏതെങ്കിലും ഒന്ന് 250 ലിററർ വെള്ളത്തിൽ കലക്കി തെങ്ങോലകളുടെ അടിയിലായി തളിക്കുക.

മഹാളി രോഗത്തിനെതിരായി ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുകയും കൂമ്പുചീയൽ രോഗത്തിനെതിരായി കേടുവന്ന ഭാഗങ്ങളിൽ ബോർഡോ കുഴമ്പ് പുരട്ടുകയും ചെയ്യുക.

ശരിയായ വിള പരിചരണവും, സങ്കരഇനങ്ങളുടെ ഉപയോഗവും കാററുവീഴ്ചയെപോലും ഒരു പരിധിവരെ തടഞ്ഞുനിറുത്തുവാൻ സഹായിക്കുന്നു,

ജലസേചനം

വേനൽക്കാലത്ത് തെങ്ങുകറ നനക്കുന്നത് ഉൽപാദനം മൂന്നിരട്ടിയായി കൂട്ടുന്നതിന് സഹായിക്കും.

ഇടവിളകൾ

3–4 വർഷം പ്രായം ആകുന്നതുവരെ

തെങ്ങിൻതോപ്പുകളിൽ ഇടവിളകളായി മരച്ചീനിയും മിശ്രവിളകളായി നിലക്കടലയും, വൻപയറും വളർത്താവുന്നതാണ്.

നമുക്കൊരു വാഴനടാം

കേരളത്തിലെ പ്രധാനപ്പെട്ട പഴവർഗങ്ങളിൽ ഒന്നാണല്ലോ വാഴ. സാധാരണയായി കൃഷിചെയ്യുന്ന ഇനങ്ങൾ നേന്ത്രൻ, ഞാലിപ്പൂവൻ, പാളയംകോടൻ, റോബസ്റ്ററ എന്നിവയാണ്. ഞാലിപ്പൂവനും റോബസ്റ്ററയും തെങ്ങിൻ തോപ്പുകൾക്ക് യോജിച്ച ഒരു ഇടവിളയാണ്.

കന്ന് തെരഞ്ഞെടുക്കൽ

ആരോഗ്യമുള്ള വാഴയുടെ 3–4 മാസം പ്രായമുള്ളതും രോഗവിമുക്തവുമായ സൂചിക്കന്നുകൾ വേണം നടുന്നതിനായി തെരഞ്ഞെടുക്കേണ്ടത്. പഴയ വേരുകളും കേടായ ഭാഗങ്ങളും മാണത്തിൽനിന്നും മുറിച്ചു മാററണം. നല്ല നീർവാർച്ചയുള്ളതും ഫലഭൂയിഷ്ഠമായതുമായ മണ്ണാണ് കൃഷിക്കനുയോജ്യം. എല്ലാക്കാലങ്ങളിലും നടാൻ യോജിച്ച ഒരു വിളയാണെങ്കിലും ഏപ്രിൽ മേയ് മാസങ്ങളിൽ നടുന്നത് ജലസേചനത്തിൻെറ ആവശ്യകതയെ ഗണ്യമായ തോതിൽ കുറയ്ക്കാനുപകരിക്കും.

2 മീററർ അകലത്തിൽ 50×50×50 സെ. മീ വലുപ്പത്തിൽ കുഴികൾ എടുത്തു വേണം കന്നുകൾ നടാൻ.

വളംചേർക്കൽ

നടുന്ന സമയത്ത് ഏകദേശം 5 കിലോ ചാരവും 10 കിലോ ജൈവവളങ്ങളും ചേർക്കേണ്ടതാണ്. താഴെപ്പറയുന്ന നിരക്കിൽ വേണം രാസവളങ്ങൾ ചേർക്കേണ്ടത്.

	17-17-17 കോംപ്ലക്സ്	യൂറിയ	പൊട്ടാഷ്
നേന്ത്രൻ	670 ഗ്രാം	160 ഗ്രാം	300 ഗ്രാം
മററിനങ്ങൾ	940—1170 ഗ്രാം	—	270—330 ഗ്രാം

വാഴക്കുചുററും 60—75 സെ. മീ. അകലത്തിൽ വേണം വളം ചേർക്കേണ്ടത്. വളങ്ങൾ രണ്ട് തവണകളായി യഥാക്രമം നട്ടു കഴിഞ്ഞ് രണ്ടും നാലും മാസങ്ങളിൽ ചേർക്കാം.

വേനൽ മാസങ്ങളിൽ മൂന്നുദിവസത്തിലൊരിക്കലെങ്കിലും തടം നനച്ചിരിക്കണം. കുലയ്ക്കുന്നതുവരെ വശങ്ങളിൽ ഉണ്ടാകുന്ന കന്നുകളെ പറിച്ചുമാററണം. കുലച്ചുകഴിഞ്ഞുണ്ടാകുന്ന ഒന്നോ രണ്ടോ കന്നുകളെയാണ് വളരാൻ അനുവദിക്കേണ്ടത്.

രോഗവും, രോഗനിവാരണവും

തണ്ടുകളെ ആക്രമിക്കുന്ന വണ്ടുകളെ തടയുന്നതിന് നടുന്നതിന് മുമ്പ് 5% ആൽഡ്രിൻ പൊടി കുഴികളിൽ നിക്ഷേപിക്കുക.

രോഗ വിമുക്തമായ കന്നുകളെ തെരഞ്ഞെടുക്കുക എന്നതാണ് കുറുനാമ്പ് രോഗം തടയുന്നതിനുള്ള പ്രധാനപ്രതിവിധി. ഈ രോഗത്തിൽനിന്നും പൂർണസുരക്ഷയ്ക്കായി നടുന്നതിനുമുമ്പ് തിമെററ് തരികൾ ഓരോ കുഴിയിലും 25 ഗ്രാം എന്ന തോതിൽ ചേർക്കണം. ഇതേ മരുന്ന് നട്ട് എഴുപതും നൂററി അറുപത്തഞ്ചും ദിവസങ്ങൾ കഴിഞ്ഞും 12.5 ഗ്രാം വച്ച് വാഴയുടെ ഇലകൾക്കിടയിൽ ഇടുന്നത് നല്ലതാണ്. തോട്ടത്തിൽ രോഗബാധ പ്രത്യക്ഷപ്പെടുന്ന ചെടികളെ അപ്പോൾതന്നെ നശിപ്പിക്കുന്നതും രോഗ ബാധയെ തടയുന്നതിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്. നമ്മുടെ നാടിന് ഏററവും യോജിച്ചതും ഏററവും കൂടുതൽ ഉപയോഗിക്കപ്പെടുന്നതുമായതാണ് വാഴപ്പഴം. സാധാരണ കർഷകനെ സംബന്ധിച്ചടത്തോളം ഏററവും ആദായകരമായ കൃഷികളിൽ ഒന്നും കൂടിയാണ് വാഴക്കൃഷി. എന്നാൽ ഉയർന്ന ഉൽപാദനവും ആദായവും നിലനിർത്താൻ ശാസ്ത്രീയമായ പരിചരണമുറകൾ സ്വീകരിക്കണം എന്നുമാത്രം.

Printed at Social Scientist Press Pattom, Trivandrum-4